# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.195** **06.12.2018-ൽ മറുപടിയ്ക്ക്**

### കിൻഫ്രയുടെ പ്രധാന നേട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്**<br>**ശ്രീ.എസ്.ശർമ്മ**<br>**ശ്രീ.ആന്റണി ജോൺ**<br>**ശ്രീ.ജോൺ ഫെർണാണ്ടസ്** | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി)** |
| **എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കിൻഫ്ര കൈവരിച്ച പ്രധാന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; നിലവിൽ എത്ര പാർക്കുകൾ ഉണ്ട്; പുതുതായി എത്രയെണ്ണം സ്ഥാപിക്കാൻ പദ്ധതിയുണ്ട്; | **എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പെട്രോകെമിക്കൽ പാർക്ക്, സ്പൈസസ് പാർക്ക് എന്നീ പ്രോജക്ടുകൾ ഏറ്റെടുക്കാനും, വ്യവസായ വികസനത്തിനായി 5000 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾക്ക് തുടക്കം കുറിക്കാനും കിൻഫ്രയ്ക്ക് കഴിഞ്ഞു. നിലവിൽ കിൻഫ്രക്ക് 24 പാർക്കുകൾ ആണുള്ളത്.<br>കിൻഫ്ര പുതുതായി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) മെഗാഫുഡ് പാർക്ക്, പാലക്കാട്<br>2) ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്<br>3) ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം<br>4) പെട്രോകെമിക്കൽ പാർക്ക്, എറണാകുളം<br>5) സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി<br>6) അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, പുഴക്കൽ, തൃശ്ശൂർ<br>7) കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം<br>8) ഐ.ടി/ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം- രണ്ടാംഘട്ട വികസനം<br>9) കിൻഫ്ര പാർക്ക്, കാക്കഞ്ചേരി- രണ്ടാംഘട്ട വികസനം<br>10) വിവിധോദ്ദേശ സോണുകൾ-കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം, കാസർഗോഡ് |

...2

| | |
|---|---|
| **ബി)** മെഗാ പദ്ധതികളിൽ ഒന്നായ കൊച്ചിയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ പുരോഗതി അറിയിക്കാമോ; എഫ്.എ.സി.റ്റി. സ്ഥലം വിട്ടുനൽകിയിട്ടുണ്ടോ; | **ബി)** കൊച്ചിയിലെ ഫാക്ടിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ ഒരു പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രക്ക് പദ്ധതിയുണ്ട്. ഫാക്ടിന്റെ അമ്പലമേട് ഡിവിഷനിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് ഫാക്ടും സംസ്ഥാന സർക്കാരും 20/12/2017-)o തീയതിയിൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതു പ്രകാരം ഫാക്ടിന്റെ അധീനതയിലുള്ള 481.79 ഏക്കർ ഭൂമിയിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൊച്ചിയിൽ ബി.പി.സി.എല്ലിന്റെ വിപുലീകരണവും അതുമായി ബന്ധപ്പെട്ട് ഭാവിയിൽ ഉണ്ടാകാവുന്ന നിക്ഷേപ സാദ്ധ്യതയും ഈ പദ്ധതിക്ക് ഏറെ പ്രയോജനം ചെയ്യുമെന്ന് കരുതുന്നു. പെട്രോളിയം മേഖലയിലുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഈ മേഖലയിലെ നിക്ഷേപ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കിഫ്ബി വഴിയാണ് ഈ പദ്ധതിക്കുള്ള ധന സമാഹരണം നടത്തുവാൻ ഉദ്ദേശിക്കുന്നത്.<br>പ്രസ്തുത പദ്ധതിക്ക് വേണ്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നിയമിച്ചിട്ടുള്ള ഹൈദരാബാദ് ആസ്ഥാനമായ വോയന്റ്സ് കൺസൾട്ടൻസ്, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിൻഫ്രക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് വേണ്ട പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ഭൂമി കൈമാറ്റം സംബന്ധിച്ച് അന്തിമ തീരുമാനം കേന്ദ്ര ക്യാബിനറ്റിന്റെ പരിഗണനയിലാണ്. |

....3

| | | | |
|---|---|---|---|
| സി) | കർഷകർക്ക് പ്രയോജനം ചെയ്യുന്ന ഭക്ഷ്യസംസ്കരണ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി സ്ഥാപിക്കാനുദ്ദേശിക്കുന്ന പാലക്കാട് മെഗാ ഫുഡ് പാർക്കിന്റെ പുരോഗതി അറിയിക്കാമോ; | സി) | കിൻഫ്ര ' ആവിഷ്കരിച്ച നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് പാലക്കാട് ജില്ലയിലെ മെഗാ ഫുഡ് പാർക്ക്. 79 ഏക്കറിൽ കിൻഫ്ര സ്ഥാപിക്കുന്ന ഈ പദ്ധതിയുടെ ആകെ ചിലവ് 119.02 കോടി രൂപയാണ്. ഈ പദ്ധതിക്ക് 50 കോടി രൂപ കേന്ദ്ര ധനസഹായമായി ലഭിക്കും. ഇതിൽ 28.81 കോടി രൂപ കേന്ദ്ര ധനസഹായമായി ലഭിച്ച കഴിഞ്ഞു. ഇതിന്റെ ഒന്നാംഘട്ട വികസന പ്രവർത്തനങ്ങളായ ചുറ്റുമതിൽ, റോഡ്, ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, വെയർ ഹൗസ്, വേബ്രിഡ്ജ്, ഗേറ്റ് ഹൗസ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. പാർക്കിന്റെ 95% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും അലോട്ട്മെന്റ് നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) | കാക്കനാട് സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിന്റെ നിലവിലെ സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കാമോ? | ഡി) | സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ ഇലക്ട്രോണിക്സ് ക്ലസ്റ്ററിനു വേണ്ടിയുള്ള ഇലക്ട്രോണിക്സ്/ഇലക്ട്രോണിക്സ് അധിഷ്ഠിത വ്യവസായങ്ങൾക്ക് വേണ്ടിയുള്ള ക്ലസ്റ്റർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കാക്കനാട് 66.87 ഏക്കർ ഭൂമിയിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്നത്. 140.01 കോടി രൂപയാണ് മൊത്തം പദ്ധതി ചെലവ് പ്രതീക്ഷിക്കുന്നത്.<br>കേന്ദ്ര ഇലക്ട്രോണിക്സ്&ഐ.ടി. മന്ത്രാലയത്തിന്റെ 50 കോടി രൂപ ധനസഹായത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ അന്തിമ അനുമതി പ്രസ്തുത പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. റോഡ്, ചുറ്റുമതിൽ തുടങ്ങിയവയുടെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിന്റെ ആദ്യ ഗഡുവായ 10 കോടി രൂപ കിൻഫ്രക്ക് ലഭിച്ചിട്ടുണ്ട്. അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**